മംഗളം
MANGALAM MALAYALAM NEWS

06 November 2025

# അമേരിക്കൻ തീരുവ: സീഫുഡ് കയറ്റുമതി മെച്ചപ്പെടുത്താൻ മൂല്യവർധിത ഉൽപാദനത്തിന് ഊന്നൽ നൽകണമെന്ന്

കൊച്ചി: അമേരിക്ക അധിക തീരുവ ഏർപ്പെടുത്തിയതിനെ തുടർന്ന് ഇന്ത്യയുടെ സമുദ്രോൽപന്ന കയറ്റുമതി രംഗം കടുത്ത പ്രതിസന്ധിയിലാണെന്നും പരിഹാരമായി സമുദ്രോൽപന്ന മൂല്യവർധിത ഉൽപാദനത്തിന് ഊന്നൽ നൽകണമെന്നും വിദഗ്ധർ.

കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനത്തിൽ (സിഎംഎഫ്ആർഐ) നടക്കുന്ന നാലാമത് ആഗോള മറൈൻ സിംപോസിയത്തിന്റെ ഭാഗമായി സംഘടിപ്പിച്ച വ്യവസായ സംഗമത്തിലാണ് നിർദേശം. അമേരിക്ക ഇന്ത്യയുടെ ചെമ്മീൻ കയറ്റുമതിയുടെ ഏറ്റവും വലിയ വിപണിയായിരുന്നു. സമുദ്രോൽപന്ന കയറ്റുമതിരംഗം പിടിച്ചുനിർത്തുന്നതിന് വിപണി വൈവിധ്യവത്കരണത്തിനും ഉൽപ്പന്നങ്ങൾക്ക് മൂല്യവർദ്ധന നൽകുന്നതിനും അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സംഗമം ആവശ്യപ്പെട്ടു.

ഏപ്രിൽ-സെപ്റ്റംബർ മാസങ്ങളിൽ അമേരിക്കയിലേക്കുള്ള കയറ്റുമതിയിൽ ഏകദേശം 6 ശതമാനം കുറവുണ്ടായി. എന്നാൽ, ഇതേ കാലയളവിൽ ചൈന, വിയറ്റ്നാം, തായ്‌ലൻഡ് എന്നിവിടങ്ങളിലേക്കുള്ള കയറ്റുമതിയിൽ വളർച്ചയുണ്ടായിട്ടുണ്ട്. സാങ്കേതികവിദ്യാധിഷ്ഠിത സ്റ്റാർട്ടപ്പുകളും മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും മത്സ്യബന്ധന മേഖലയുടെ പുനരുജ്ജീവനത്തിനായി ഉയർന്ന മൂല്യമുള്ള ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്നതിലും പുനഃസംസ്കരണത്തിലും ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് വ്യവസായ സംഗമം ശുപാർശ ചെയ്തു.

സിഫ്റ്റ് ഡയറക്ടർ ഡോ ജോർജ് നൈനാൻ, സിഎംഎഫ്ആർഐ ഡയറക്ടർ ജോ ഗ്രിൻസൺ ജോർജ്, ഡോ എ ജെ തരകൻ, എംപിഇഡിഎ ഡയറക്ടർ ഡോ റാം മോഹൻ, ജോയിന്റ് ഡയറക്ടർ അനിൽ കുമാർ, ഡോ. ജോ കെ. കിഴക്കൂടൻ തുടങ്ങിയവർ സംസാരിച്ചു.